**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 12.10. 2023

# കൈക്കൂലി വാങ്ങുന്നതിന്നിടയിൽ ക്ലാർക്ക് രണ്ടാമതും വിജിലൻസ് പിടിയിൽ

കോഴിക്കോട് കൊയിലാണ്ടി ദേശീയപാത ഭൂമി ഏറ്റെടുക്കൽ സ്പെഷ്യൽ തഹസീൽദാറുടെ കാര്യാലയത്തിലെ ക്ലാർക്കായ ടോമി.പി.ഡി-യെ 86000/- രൂപ കൈക്കൂലി വാങ്ങുന്നതിന്നിടയിൽ ഇന്ന് (12.10.2023) വിജിലൻസ് കൈയോടെ പിടികൂടി.

പരാതിക്കാരന്റെ അമ്മയുടെ പേരിൽ കോഴിക്കോട് തിരുവങ്ങൂരിൽ ഉണ്ടായിരുന്ന ഏഴ് സെന്റ് വസ്തുവും വീടും ദേശീയ പാത വികസനത്തിന് വേണ്ടി സർക്കാർ ഏറ്റെടുത്തിരുന്നു. നഷ്ടപരിഹാരത്തുക ഒരു വർഷം മുമ്പ് ലഭിച്ചു. തുടർന്ന് ദേശീയപാത വികസനത്തിന് വേണ്ടി വീട് നഷ്ടപ്പെട്ടവർക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന പുനരധിവാസ ഫണ്ടിൽ നിന്നും പരാതിക്കാരന്റെ അമ്മയ്ക്ക് അനുവദിച്ചിരുന്ന 286000/- രൂപയ്ക്ക് വേണ്ടി ബന്ധപ്പെട്ട രേഖകൾ സഹിതം പരാതിക്കാരൻ ഒരു മാസം മുമ്പ് സ്പെഷ്യൽ തഹസീൽദാറുടെ കാര്യാലയത്തിലെത്തിയിരുന്നു. പരാതിക്കാരനോട് നടപടികൾ ത്വരിത ഗതിയിലാക്കുന്നതിനും തുക അനുവദിക്കുന്നതിനുമായി ക്ലാർക്കായ ടോമി.പി.ഡി 86000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയായിരുന്നു. കഴിഞ്ഞ കുറെ ദിവസങ്ങളായി ഫോണിൽ ബന്ധപ്പെട്ട് നിരന്തരം കൈക്കൂലി ആവശ്യപ്പെട്ടതിനെ തുടർന്ന് പരാതിക്കാരൻ വിജിലൻസ് കോഴിക്കോട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സുനിൽകുമാർ.ഇ-യെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (12.10.2023) ഉച്ചയ്ക്ക് 1.30 മണിയോടെ കൊയിലാണ്ടി സ്പെഷ്യൽ തഹസീൽദാറുടെ കാര്യാലയത്തിന് സമീപത്തുള്ള ജൂസ് കടയിൽ വച്ച് നിന്നും പരാതിക്കാരനിൽ നിന്നും 70000/- രൂപയുടെ ചെക്കും 16000/- രൂപയും ഉൾപ്പെടെ ആകെ 86000/- രൂപ കൈപ്പറ്റവേ കൈയ്യോടെ പിടികൂടുകയായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ തലശ്ശേരി വിജിലൻസ് കോടതിയിൽ ഹാജരാക്കും.

2017-ൽ കോഴിക്കോട് കോടഞ്ചേരി വില്ലേജ് ഓഫീസിൽ വില്ലേജ് അസിസ്റ്റന്റായി ജോലി നോക്കി വന്നിരുന്ന കാലത്തും 21 സെന്റ് ഭൂമിയുടെ പോക്കു

വരവ് സർട്ടിഫിക്കറ്റ് നൽകുന്നതിലേയ്ക്ക് 2000/- രൂപ കൈക്കൂലി വാങ്ങുന്നതിന്നിടയിൽ ടോമിയെ വിജിലൻസ് പിടികൂടിയിരുന്നു. ഈ കേസ് നിലവിൽ കോഴിക്കോട് വിജിലൻസ് കോടതി മുമ്പാകെ വിചാരണയിലിരിക്കുകയാണ്.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി-യെ കൂടാതെ പോലീസ് ഇൻസ്പെക്ടറായ ശ്രീ.സരിൻ.എ.സ്, പോലീസ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. സുനിൽ, ശ്രീ.രാധാകൃഷ്ണൻ, ശ്രീ.ഹരീഷ് കുമാർ എന്നിവരും പോലീസ് ഉദ്യോഗസ്ഥരായ ശ്രീ.അനിൽകുമാർ, ശ്രീ.ബിനു, ശ്രീ.റിനു, ശ്രീ.റിനീഷ് കുമാർ, ശ്രീ.അബ്ദുൾ സലാം എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.